കേരള സർക്കാർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്

ആർ1/101578/2018/കോ:വി:വ: തീയതി , തിരുവനന്തപുരം. 27/4/2018

# സർക്കുലർ

വിഷയം: -കോളേജ് വിദ്യാഭ്യാസ വകുപ്പ്:- ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുന്നത്- സംബന്ധിച്ച്.

സൂചന:- ബഹുമാനപ്പെട്ട ഡയറക്ടറുടെ ചേംബറിൽ 20-4-2018 ന് ചേർന്ന വിവിധ സ്കോളർഷിപ്പുകളെ സംബന്ധിച്ച യോഗ തീരുമാനങ്ങൾ.

കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിച്ച് നൽകുന്ന സ്കോളർഷിപ്പുകൾക്ക് വിദ്യാർത്ഥികൾ യഥാസമയം ഓൺലൈനായി അപേക്ഷിക്കാത്തതിനാലും,ഹാർഡ്കോപ്പി സമർപ്പിച്ച വിദ്യാർത്ഥികളുടെ വെരിഫിക്കേഷനും,അപ്രൂവലും സ്ഥാപനമേധാവികൾ നിശ്ചിത സമയപരിധിക്കകം പൂർത്തിയാക്കാത്തതിനാലും, അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന അനുബന്ധ രേഖകളുടെ കൃത്യതയും ആധികാരികതയും സ്ഥാപനമേധാവികൾ ഉറപ്പ് വരുത്തി അപ്രൂവ് ചെയ്യാത്തതിനാലും നിരവധി വിദ്യാർത്ഥികളും രക്ഷാകർത്താക്കളും സ്കോളർഷിപ്പ് ലഭിച്ചില്ലെന്ന് നിരന്തരം പരാതിപ്പെടുന്നു. ഈ സാഹചര്യത്തിൽ സ്കോളർഷിപ്പ് കൂടുതൽ കുട്ടികൾക്ക് അനുഭവവേദ്യമാകുന്നതിനും സ്കോളർഷിപ്പ് അപേക്ഷകളുടെ വെരിഫിക്കേഷൻ/അപ്രൂവൽ നടപടികൾ കൂടുതൽ കാര്യക്ഷമവും സുഗമമവുമാക്കുന്നതിനും എല്ലാ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും സ്കോളർഷിപ്പ് നോഡൽ ഓഫീസറായി ഒരു അദ്ധ്യാപകനെ ചുമതലപ്പെടുത്തുവാൻ എല്ലാ പ്രിൻസിപ്പൽമാരോടും നിർദേശം നൽകുവാൻ സൂചനപ്രകാരമുള്ള യോഗത്തിൽ തീരുമാനിച്ചു. അതനുസരിച്ച് താങ്കളുടെ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഒരു അദ്ധ്യാപകനെ സ്കോളർഷിപ്പ് നോഡൽ ഓഫീസർ ആയി നിയോഗിക്കേണ്ടതാണ്.

തങ്ങളുടെ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ അവരുടെ യോഗ്യതയ്ക്ക് /മാനദണ്ഡങ്ങൾക്ക് അനുസരിച്ച് അർഹമായ സ്കോളർഷിപ്പുകൾക്ക് യഥാസമയം അപേക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും,അതോടൊപ്പം ഓൺലൈൻ അപേക്ഷയുടെ ഹാർഡ്കോപ്പി സമർപ്പിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും ഓൺലൈൻ മുഖാന്തിരമുള്ള വെരിഫിക്കേഷൻ/അപ്രൂവൽ നടപടികൾ നിശ്ചിത സമയപരിധിക്കകം പൂർണമായും പൂർത്തിയാക്കുവാൻ സ്ഥാപനമേധാവികളെ സഹായിക്കേണ്ടതും സ്കോളർഷിപ്പ് നോഡൽ ഓഫീസറുടെ ചുമതലയാണ്. സർക്കാർ അനുവദിച്ച് നൽകുന്ന സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാർക്ക് സാധിക്കണം. ഓരോ കോളേജിലും സ്കോളർഷിപ്പ് നോഡൽ ഓഫീസർമാരായി കോളേജ് കൗൺസിൽ ചുമതലപ്പെടുത്തിയ/ചുമതലപ്പെടുത്തുന്ന അദ്ധ്യാപകന്റെ പേര്,വിഷയം,ഫോൺ നമ്പർ ,ഇ-മെയിൽ ഐ.ഡി. എന്നിവ 2018 ജൂൺ 10 ന് മുൻപ് ഡി.സി.ഇ.ൽ അറിയിക്കേണ്ടതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

M S Jaya

കോളേജ് വിദ്യാഭ്യാസഡയറക്ടർ